Dated : 15/11/2021

## പെൺകുട്ടിയെ മാനഹാനി വരുത്തിയ ആൾ പോക്സോ പ്രകാരം പോലീസ് പിടിയിൽ

കൊല്ലം : പെൺകുട്ടിയെ മാനഹാനി വരുത്തിയ ആൾ പോക്സോ പ്രകാരം പിടിയിലായി. ക്ലാപ്പന വില്ലേജിൽ ക്ലാപ്പന നോർത്ത് കണിയാംതറയിൽ വീട്ടിൽ സുകുമാരൻ മകൻ സുമേഷ് (40) ആണ് പിടിയിലായത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയാണ് മാനഹനിക്ക് ഇരയായത്. ഇക്കഴിഞ്ഞ പതിനൊന്നിന് ഇയാൾ പെൺകുട്ടി താമസിച്ച് വരുന്ന വീട്ടിൽ അതിക്രമിച്ച് കയറി പെൺകുട്ടിക്ക് മാനഹാനി വരത്തക്ക വിധത്തിൽ പെരുമാറുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. തുടർന്ന് പെൺകുട്ടിയും അമ്മയുമായി ഓച്ചിറ പോലീസിന് നൽകിയ പരാതിയിലാണ് ഇയാൾ പിടിയിലായത്. ഓച്ചിറ ഇൻസ്പെക്ടർ വിനോദ്.പിയുടെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ നിയാസ്.എൽ, എ.എസ്സ്.ഐ ശ്രീകുമാർ സി.പി.ഓ രഞ്ജിത്, കനീഷ്, എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



സുമേഷ്

## പെൺകുട്ടിയെ മാനഹാനി വരുത്തിയ യുവാവ് പോലീസ് പിടിയിൽ

കൊല്ലം : പെൺകുട്ടിയെ മാനഭംഗംവരുത്തിയ യുവാവ് പോലീസ് പിടിയിലായി. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം താലൂക്കിൽ പോത്തൻകോട് ചെങ്കോട്ട് കോണം തുണ്ടത്തിൽ മടവൂർപാറ ക്ഷേത്രത്തിന് സമീപം പ്ലാവിള വീട്ടിൽ സുതൻ മകൻ മനു (25) ആണ് പോലീസ് പിടിയിലായത്. ഇയാൾ പെൺകുട്ടിയോട് പ്രണയം നടിച്ച് വിവാഹ വാഗ്ദാനം നൽകി. തുടർന്ന് പെൺകുട്ടിയുമായി അടുപ്പത്തിലായ ഇയാൾ പെൺകുട്ടിയെ മാനഭംഗപ്പെടുത്തുകയായിരുന്നു. പെൺകുട്ടി ചികിത്സ തേടിയ ആശുപത്രിയിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ഇയാളെ പോത്തൻകോട് നിന്നും പിടികൂടിയത്. കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൽ.എം.സിയുടെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ സുജിത്ത് ജി നായർ, ഷിഹാസ്, അഷ്ടമൻ.പി.കെ, എ.എസ്.ഐ സുനിൽ കുമാർ സി.പി.ഒ അനീഷ്, പ്രശാന്ത്, ഷൈൻ, ബുഷ്റാ മോൾ എന്നിവരടങ്ങിയസംഘമാണ് ഇയാളെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



മനു